# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 235 — 10.10.2011-ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം

**ചോദ്യം**

ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :

**ഉത്തരം**

ശ്രീ. അടൂർപ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

(എ) മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട എന്തെല്ലാം നടപടികളാണ് ഇപ്പോൾ തുടർന്നുവരുന്നതെന്ന് വിശദമാക്കാമോ ;

(എ) മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുകയും ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കേണ്ടത് നിർബന്ധമാക്കുകയും ചെയ്തു. ഗവേഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം എസ്.ബി.എം.ആർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി സ്വസ്ത് സുരക്ഷാ യോജന പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നടപ്പിലാക്കിയ റസിഡൻസി സമ്പ്രദായം തുടർന്ന് വരുന്നുണ്ട്. മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ ശമ്പളവും അലവൻസുകളും യോഗ്യതയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ചിട്ടുമുണ്ട്.

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എങ്കിൽ അതിലെ ശുപാർശകളും, അതിൻമേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച പഠന റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകൾ ഇപ്പോൾ എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ട് ;

(സി) 2010-ൽ പോസ്റ്റ് ഗ്രാജുവേറ്റ് എം.ഡി., എം.എസ്. കോഴ് സുകൾക്ക് ഉണ്ടായിരുന്ന 433 സീറ്റുകൾ 2011-ൽ 449 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2010-ൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ് സുകൾക്കുണ്ടായിരുന്ന 160 സീറ്റുകൾ 2011-ൽ 165 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ച പി. ജി. സീറ്റുകളിൽ സർക്കാരിന് മാത്രം അർഹതപ്പെട്ട സീറ്റ് എത്ര ; ഇതിൽ എത്രെല്ലാം സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി ?

(ഡി) 2011-ൽ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ അനുവദിച്ച പി.ജി. സീറ്റുകളിൽ 67 സീറ്റുകളാണ് സർക്കാരിന് അർഹതപ്പെട്ടത്. ഇതിൽ 13 സീറ്റുകളിലേക്ക് ആരും ഓപ്ഷൻ നൽകാതിരുന്നതിനാൽ ഇത്രയും സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി.

സെക്ഷൻ ഓഫീസർ